# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1793 16-02-2016-ൽ മറുപടിയ്ക്ക്

**ഷാജു, അനൂപ് എന്നിവർക്കുള്ള ധനസഹായം**

| | ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ. പി. യു. ഷാജു, പുറക്കുളം (H), പോട്ട എന്ന രോഗിയുടെ വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്കായും, അനൂപ് S/o. ഗ്രേസി ജോസ്, പെല്ലിശ്ശേരി(H), വാഴക്കുന്ന് എന്ന രോഗിയുടെ ചികിത്സയ്ക്കായും കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ)<br>&<br>(ബി) | ശ്രീ. പി.യു. ഷാജു വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ, കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 15-ാമത് സംസ്ഥാനതല കമ്മിറ്റി പരിശോധിക്കുകയും, കമ്മിറ്റി തീരുമാനം നം. 22 പ്രകാരം, ഡയാലിസിസിനായി നേരത്തെ അനുവദിച്ചിരുന്ന തുകയിൽ 5200/-രൂപ കിഴിച്ച്, ബാക്കി തുകയായ 1,94,350/- രൂപ, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 08.01.2016-ൽ 1,94,350/- രൂപ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ശ്രീ. അനൂപ് S/o. ഗ്രേസി ജോസ്, പെല്ലിശ്ശേരിഹൗസ്, വാഴക്കുന്ന് എന്നയാളുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ, തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിലോ, കാരുണ്യ ബനവലന്റ് ഫണ്ട് ഹെഡ് ഓഫീസിലോ ലഭിച്ചതായി കാണുന്നില്ല. |
| (ബി) | ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.